# രണ്ടാം വത്തിക്കാൻ സൂനഹദോസും വിശ്വാസപരിശീലനവും

സി.അനിറ്റ. എസ്.എം.സി.

## ആമുഖം

വചനം മാംസം ധരിച്ച ഈശോമിശിഹായിൽ സാക്ഷാത്കരിക്കപ്പെടുകയും പൂർണ്ണമാക്കപ്പെടുകയും ചെയ്ത ദൈവാവിഷ്കരണത്തിന്റെ അനുഭവം അവികലമായി സംരക്ഷിക്കപ്പെടുന്നത് സഭയിലാണ് ഈ വെളിപാട് നാം സ്വീകരിക്കുന്നത് സഭയുടെ വിശുദ്ധപാരമ്പര്യവും വിശുദ്ധലിഖിതങ്ങളുമാകുന്ന ഏകകലവറയിൽ നിന്നാണ് എന്ന് രണ്ടാം വത്തിക്കാൻ പഠിപ്പിക്കുന്നു. അതിനാൽ വിശുദ്ധ പാരമ്പര്യത്തിലും വിശുദ്ധലിഖിതങ്ങളിലും നൽകപ്പെട്ടിരിക്കുന്ന ദൈവവചനത്തിന്റെ സജീവസ്രോതസ്സിൽ നിന്നാണ് മതബോധനവും അതിന്റെ ഉള്ളടക്കം സ്വീകരിക്കേണ്ടത് (സി.റ്റി 22,27).

സഭയുടെ ബുദ്ധിയും ഹൃദയവും കൊണ്ട് ബൈബിൾ വാക്യങ്ങൾ വായിക്കുകയും രണ്ടായിരം വർഷത്തെ അവളുടെ പഠനത്തിലും ജീവിതത്തിലും നിന്ന് പ്രചോദനം ഉൾക്കൊള്ളുകയും ചെയ്യുന്നത് മതബോധനത്തെ കൂടുതൽ സമ്പന്നവും ഫലപ്രദവുമാക്കും. 20-ാം നൂറ്റാണ്ടിൽ സഭയുടെ മേൽ ചൊരിയപ്പെട്ട ഏറ്റവും മഹത്തായ കൃപാവരം എന്നാണ് ബനഡിക്റ്റ് പാപ്പ സൂനഹദോസിനെ വിശേഷിപ്പിക്കുന്നത്. 4 കാര്യങ്ങളാണ് 2-ാം വത്തിക്കാൻ സൂനഹദോസ് ലക്ഷ്യം വച്ചിരുന്നത്.

1. വിശ്വാസികളുടെ ക്രിസ്തീയ ജീവിതത്തിന് കൂടുതൽ ഊർജ്ജസ്വലത പകരുക
2. ആധുനികകാലത്തിന്റെ ആവശ്യങ്ങളോടു കൂടുതലായി അനുരൂപപ്പെടുക
3. എല്ലാവരുടെയും ഐക്യം വളർത്തുക
4. സർവ്വരെയും തിരുസഭയിലേക്ക് ക്ഷണിക്കുന്നതിനുപകരിക്കുന്ന കാര്യങ്ങൾ സുശക്തമാക്കുക.

ദൈവാരാധന പ്രാദേശിക ഭാഷകളിലാക്കി വി.ഗ്രന്ഥത്തിന് വലിയ സ്ഥാനം ലഭിയ്ക്കുന്നതുകൊണ്ട് ജീവിത നവീകരണം സാധ്യമായി. എല്ലാ പ്രവൃത്തനങ്ങളുടെയും ലക്ഷ്യം വി.കുർബാനയാണ്. എന്നും പ്രേഷിത പ്രവർത്തനത്തിനുള്ള പുത്തനുണർവ്വും ഇതര മതങ്ങളുമായ സംവാദത്തിലേർപ്പെടുവാനും സൂനഹദോസ് സഹായിച്ചു.

## 1. മതബോധനം-ആദിമസഭയിൽ

ക്രൈസ്തവ സഭയുടെ ആരാധനമുതൽ സഭയിൽ നിലവിലിരുന്ന ഒരു ശുശ്രൂഷയാണ് മതബോധനം സഭയിലേക്ക് ചേരുവാൻ ആഗ്രഹിച്ചിരുന്നവർക്ക് നൽകപ്പെട്ടിരുന്ന പരിശീലനമാണിത്. നവാഗതരെ സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ ചൊല്ലികൊടുത്തു പഠിപ്പിക്കുകയെന്നതായിരുന്നു പരിശീലന രീതി. മുഖ്യമായും വിശ്വാസ സൻമാർഗ്ഗ സംബന്ധമായ ശിക്ഷണമാണു നവാഗതർക്കു നൽകപ്പെട്ടിരുന്നത് കൂദാശകളുടെ സ്വീകരണത്തിനുള്ള തയാറെടുപ്പായിരുന്നു ആദ്യകാലത്തു മതബോധനം സഭയിലെ അംഗത്വം തേടിയെത്തിയവരുടെ സംഖ്യ വർധിച്ചു വന്നപ്പോൾ മതബോധനാർത്ഥികളുടെ സംഘം എന്ന വ്യവസ്ഥാപിത സംവിധാനത്തിലൂടെയാണ് നവാഗതരെ പഠിപ്പിച്ചിരുന്നത്. അതോടൊപ്പം സ്വർഗ്ഗസ്ഥനായ പിതാവെ എന്ന പ്രാർത്ഥനയും അവർ പഠിക്കേണ്ടിവന്നു ഇപ്രകാരമുള്ള പഠനത്തിനുശേഷം വ്യക്തമായ ധാരണയോടും ബോധ്യത്തോടും കൂടിയാണു ജ്ഞാനസ്നാനാർത്ഥികൾ മാമ്മോദീസ സ്വീകരിച്ചു സഭയിൽ അംഗത്വം നേടിയിരുന്നത്. മിക്കസഭാകേന്ദ്രങ്ങളിലും മാമ്മോദീസാ സ്വീകരണത്തിനുശേഷവും വിശ്വാസ കാര്യങ്ങളെക്കുറിച്ചുള്ള പരിശീലനം തുടർന്നുപോന്നു. ക്രിസ്തുരഹസ്യത്തെക്കുറിച്ചും പ്രാരംഭ കൂദാശകളെക്കുറിച്ചും ആഴത്തിലുള്ള പഠനമെന്ന അർത്ഥത്തിൽ 'മിസ്റ്റഗോഗിക്ക് കാറ്റെക്കേസിസ്' എന്നാണിതറിയപ്പെട്ടിരുന്നത്.

ഇപ്രകാരം സഭയിലെല്ലായിടത്തും വിശ്വാസപരിശീലനത്തിനുള്ള സംവിധാനങ്ങൾ ആദ്യകാലം മുതൽ ഉണ്ടായിരുന്നു ജ്ഞാനസ്നാനാർത്ഥികൾക്കു നൽകപ്പെട്ടിരുന്ന പരിശീലനത്തിനു വ്യക്തമായ രൂപവുമുണ്ടായിരുന്നു. അതായത് വിശ്വാസ സംബന്ധമായ കാര്യങ്ങൾ, കൂദാശാ വിജ്ഞാനം, ക്രിസ്തീയ ധാർമികതയുടെ പ്രത്യേകതകൾ, ക്രൈസ്തവപ്രാർത്ഥന എന്നിവയായിരുന്നു പഠനവിഷയങ്ങൾ.

അപ്പസ്തോലൻമാരും അവരുടെ പിൻഗാമികളുമെല്ലാം വചനമാകുന്ന ക്രിസ്തുവിനെ മറ്റുള്ളവരിലെത്തിക്കാനും ആ വചനത്തിന് അവരെ ശിഷ്യപ്പെടുത്താനും നടത്തിയ പരിശ്രമങ്ങൾക്കെല്ലാം കൂടി പറഞ്ഞു വന്നിരുന്ന പേരാണു മതബോധനം. മതബോധന പരമായ കൃതികൾ രചിച്ചിട്ടുണ്ടെങ്കിലും മതബോധനഗ്രന്ഥം എന്ന പേരിൽ ഒരു സാഹിത്യരൂപമോ കൃതിയോ ഇല്ലായിരുന്നു. വിശ്വാസപരിശീലനത്തെ സഹായിക്കുന്ന തരത്തിലുള്ള കൃതികൾക്ക് ഉദാഹരണമാണ് ദിദാക്കെ എന്ന കൃതി. മതബോധനം എങ്ങിനെ നല്കണമെന്ന് പ്രതിപാദിക്കുന്ന ഒരു കൃതിയാണു പ്രാരംഭകരുടെ മതബോധനം എന്ന വി.ആഗസ്തീനോസിന്റെ ഗ്രന്ഥം.

വിശ്വാസ പരിശീലനം നല്കുക എന്നത് സഭയുടെ ഒരു സുപ്രധാന ദൗത്യമാണ് ജീവിതത്തോട് വിശ്വാസത്തെ ബന്ധിപ്പിക്കുന്ന പ്രക്രിയയാണ് മതബോധനം കേവലം ബുദ്ധിപരമായ അറിവുനേടൽ എന്ന രീതിയിലല്ല ഇതിനെ കാണേണ്ടത് ജനങ്ങളെ ക്രിസ്തുവിന് ശിഷ്യപ്പെടുത്തുക. അവിടുത്തെ നാമത്തിൽ അവർക്ക് ജീവനുണ്ടാകേണ്ടതിന് യേശു ദൈവപുത്രനായ ക്രിസ്തുവാണ് എന്ന വിശ്വാസത്തിലേയ്ക്ക് അവരെ നയിക്കുക ആ ജീവനിൽ അവരെ പഠിപ്പിക്കുകയും പരിശിലീപ്പിക്കുകയും ചെയ്യുക. അങ്ങനെ ക്രിസ്തുവിന്റെ ശരീരം പടുത്തുയർത്തുക ഇതാണ് മതബോധനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വിശ്വാസപരിശീലനത്തിന്റെ പ്രാഥമിക കളരി കുടുംബമാണ്. ആദ്യനൂറ്റാണ്ടുകളിൽ മുതിർന്നവർക്കാണു വിശ്വാസ പരിശീലനം നൽകിയിരുന്നത്. പിന്നീട് ക്രൈസ്തവ കുടുംബങ്ങൾ സജീവമായതോടെ മാതാപിതക്കൻമാർ തങ്ങളുടെ കുട്ടികളെ വീടുകളിൽ വച്ച് വിശ്വാസ കാര്യങ്ങൾ പഠിപ്പിച്ചുപോന്നു. സാമൂഹത്തിലും കുടുംബത്തിലുമുണ്ടായിരുന്ന ക്രിസ്തീയാന്തരീക്ഷം വിശ്വാസത്തിൽ വളരുന്നതിനു ക്രൈസ്തവരെ പ്രത്യേകിച്ചു കുട്ടികളെ സഹായിച്ചു. നമ്മുടെ കുടുംബങ്ങൾ നിർവ്വഹിച്ചുപോരുന്ന പങ്ക് ശ്ലാഹനീയമാണ് കുട്ടികളുടെ മതബോധന കാര്യത്തിൽ അനന്യമായ ഒരു പാരമ്പര്യവും അതിൽ അത്മായ സഹോദരങ്ങളുടെ സജീവമായ പങ്കാളിത്വവും കൊണ്ട് സമ്പന്നമാണ് നമ്മുടെ സഭ.

ജീവിതത്തിനു മുഴുവൻ വേണ്ടുന്ന വിശ്വാസ പരിശീലനമായി മതബോധനത്തെ കൈകാര്യം ചെയ്യേണ്ടതുണ്ട് തത്വങ്ങൾ പഠിപ്പിക്കുക നിയമങ്ങൾ അറിയുക എന്ന നിലമാറി ക്രിസ്തുവിൽ ജീവിക്കാൻ യഥാർത്ഥ ക്രൈസ്തവ ശിഷ്യത്വത്തിന്റെ പാതയിൽ നീങ്ങാൻ ബോധനങ്ങൾ സഹായിക്കണം സഭാംഗങ്ങൾ എല്ലാവരും ദൈവജനത്തിന്റെ ഉത്തര വാദിത്വങ്ങൾ വഹിക്കുന്നവരാണ് ക്രിസ്തുവിന്റെ പൗരോഹിത്വത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും പങ്കുചേരുന്ന ദൈവജനം അവ ആവശ്യപ്പെടുന്ന ജീവിതം നയിക്കാൻ വിളിക്കപ്പെടുന്നു നമ്മുടെ സഭയുടെ വിശ്വാസ ജീവിതത്തിന്റെ ശൈലി പ്രകാശിപ്പിക്കുന്ന തനതായ ഒരു മതബോധന ക്രമവും നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

ലോകത്തിൽ ക്രൈസ്തവ സാക്ഷ്യം നൽകാൻ വ്യക്തികളെ സജ്ജമാക്കുന്ന വിശ്വാസ പരിശീലനം സഭാഗങ്ങൾക്ക് ലഭിക്കണം സഭാംഗങ്ങളുടെ വിശ്വാസവും ജീവിതവും തമ്മിലുള്ള വിടവ് ഇന്ന് പലപ്പോഴും പ്രകടമാണ് ഇത് ലോകത്തിലുള്ള സഭയുടെ സാക്ഷ്യത്തിന് മങ്ങലേല്പിക്കുന്നു സത്യത്തിനും നീതിയ്ക്കും സേവനത്തിനും മുൻതൂക്കം നല്കുന്ന ജീവിതം വഴി ലോകത്തിൽ സുവിശേഷത്തിന് സാക്ഷ്യം നല്കാൻ സഭാംഗങ്ങൾ വിളിക്കപ്പെട്ടവരാണ്.

സാമൂഹിക തിന്മകളോട് പൊരുത്തപ്പെടാതെ ജീവിക്കാനും സുവിശേഷാ ദർശങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാനും ക്രൈസ്തവർക്ക് സാധിക്കണം കുടുംബവും

സമൂഹവും സർവ്വ പ്രവർത്തനരംഗങ്ങളും ക്രൈസ്തവർക്ക് വിശ്വാസം ജീവിക്കുന്നതിനുള്ള വേദികളാണ്. വേദപാഠം വോദോപദ്ദേശം എന്നൊക്കെ പറഞ്ഞിരുന്നിടത്തു കുറച്ചു നാളുകളായി മതബോധനമെന്ന് ഉപയോഗിച്ചു വന്നിരുന്നെങ്കിൽ ഇന്ന് ഒരു പടികൂടി കടന്ന് വിശ്വാസപരിശീലനമെന്ന് പറയുവാനാണ് നമ്മെ നിർബന്ധിക്കുക.

## 2. മതബോധനം- വിശ്വാസ പരിശീലനം

സഭാ ജീവിതത്തിന്റെ എല്ലാ തലങ്ങളോടും ഗാഢമായി ബന്ധപ്പെട്ടു നിൽക്കുന്നപ്രവർത്തനമാണ് മതബോധനം സഭയുടെ പൊതുവായ അജപാലന പ്രവർത്തനങ്ങളിൽ നിന്ന് അതിനെ വേർപ്പെടുത്താനാവില്ല. മതബോധന മെന്നതു വിശ്വാസ ജീവിതപരിശീലനമാണെന്നു 1979–ൽ പ്രസിദ്ധീകൃതമായ ശ്ലൈഹിക പ്രബോധനത്തിൽ ചൂണ്ടിക്കാട്ടി 'ഫ്രഞ്ചുകാരനായ ഫാൻദനിയേലു വിശ്വാസനിക്ഷേപങ്ങളെ പിൻ തലമുറയ്ക്ക് ഏല്പിച്ചു കൊടുക്കുന്ന പ്രക്രിയയായിട്ടാണ് മതബോധനത്തെ വിശേഷിപ്പിച്ചിരുന്നത്' സഭയുടെ വിശ്വാസമെന്തെന്നും അതിന്റെ സവിശേഷതകൾ എന്തെന്നും പഠിപ്പിക്കുകയാണു മതബോധനത്തിന്റെ ലക്ഷ്യം.

ക്രിസ്തുവിലേയ്ക്കുള്ള വളർച്ചയാണു ക്രൈസ്തവ ജീവിതം ഉന്നം വച്ചിരിക്കുന്നത് അതിനുപകരിക്കുന്ന വിധത്തിൽ വിശ്വാസരഹസ്യങ്ങൾ വ്യാഖ്യാനിച്ചു കൊടുക്കുക യെന്നത് സഭയുടെ ദൗത്യമാണ്. ഇത് വിശ്വാസികളെ എല്ലാവരെയും ലക്ഷ്യമാക്കിയുള്ള പരിശീലനവുമാണ് അക്കാരണത്താലാണ് മതബോധനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കുമുള്ള വിശ്വാസ ജീവിത പരിശീലന മാണെന്ന് മാർപ്പാപ്പ തറപ്പിച്ചുപറയുന്നത് (സി.റ്റി 18).

ക്രൈസ്തവ ജീവിതത്തിൽ വിശ്വാസത്തിനാണു മുൻതൂക്കം നൽകേണ്ടത്. വിശ്വാസത്തിന് അനുസൃതമായ ജീവിതമാണ് യഥാർത്ഥത്തിൽ ക്രൈസ്തവ ജീവിതം. ഈ ലോകത്തിൽ ദൈവത്തിന്റെ തിരുഹിതമനുസരിച്ച് ജീവിക്കുവാനാണു മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന്. പിതാവായ ദൈവത്തേയും അവിടുത്തെ ഏകജാതനായ ക്രിസ്തുവിനേയും അറിയുന്നതാണ് നിത്യജീവൻ (യോഹ 17:3) അതായത് യഥാർത്ഥ വിശ്വാസത്തിലേയ്ക്ക് കടന്നുവരിക ആർക്കും നിത്യ ജീവൻ പ്രാപിക്കാനാവില്ലയെന്നു യേശു വ്യക്തമാക്കിയിട്ടുണ്ട് (യോഹ 3:16) വിശ്വാസമില്ലാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കുവനാവില്ല (ഹെബ്ര 11:6) വിശ്വാസം ദൈവത്തിന്റെ ദാനമാണ് (എഫേ 2:8). ദൈവപുത്രനായ ക്രിസ്തുവിന്റെ ദൈവാനുഭവത്തിൽ പങ്കുചേരുന്നവരാണു ക്രൈസ്തവ വിശ്വാസികൾ അവർ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ജീവനിൽ പങ്കുചേരാനുള്ള പുത്രന്റെ ക്ഷണം സ്വീകരിക്കുന്നു ദൈവപുത്രൻ വെളിപ്പെടുത്തിയ പിതാവിനു തങ്ങളെത്തന്നെ സമർപ്പിക്കുന്നു ഈ സമർപ്പണമാണ് വിശ്വാസം.

വിശ്വാസത്തിനനുസരിച്ചു ജീവിക്കുവാനും ക്രൈസ്തവനു ശിക്ഷണം ആവശ്യമാണ്. വിശ്വാസാനുസൃതം ജീവിതത്തെ ക്രമപ്പെടുത്താൻ ക്രൈസ്തവർക്കു നൽകപ്പെടുന്ന ശിക്ഷണമാണു മതബോധനം. അതുകൊണ്ട് മതബോധനത്തെ വിശ്വാസ പരിശീലനമായി വിശേഷിപ്പിച്ചിരിക്കുന്നത് ചുരുക്കത്തിൽ വിശ്വാസത്തിനും തദനുസൃതമായ ജീവിതത്തിനുമാണു മതബോധന പ്രക്രിയയിൽ പ്രാധാന്യം മാമ്മോദീസായിലൂടെ വിശ്വാസമെന്ന ദൈവികദാനം സ്വീകരിച്ചവർക്കു വിശ്വാസ വളർച്ചയും പക്വത പ്രാപിക്കലും ലക്ഷ്യമാക്കിക്കൊണ്ട് വചനമാകുന്ന ക്രിസ്തുവിനെ നൽകുന്ന ഒരു സഭാശുശ്രൂഷയാണ് മതബോധനം. സ്വഭാവത്താലെ പ്രേഷിതയായ സഭയുടെ ആഗമാനമായ സുവിശേഷവത്കരണ പ്രക്രിയയിലെ സുപ്രധാനമായ ഘടകമാണ് മതബോധനം.

## രണ്ടാം വത്തിക്കാൻ കൗൺസിൽ (1962-1965)

കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട് ആന്തരികവും ബാഹ്യവുമായ നവീകരണത്തിന് ക്രൈസ്തവ സഭ തയാറായതിന്റെ ചരിത്ര സാക്ഷ്യമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. കൗൺസിലിൽ ചർച്ച ചെയ്യാത്ത വിഷയങ്ങൾ നന്നേ കുറവാണ്. ചർച്ചയ്ക്കു വിഷയിഭവിച്ചവയിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനമാണ് മതബോധനത്തിന് അഥവാ വിശ്വാലപരിശീലനത്തിനുള്ളത്. കൗൺസിലിന്റെ 16 പ്രമാണരേഖകളിൽ 13 പ്രമാണരേഖകളിലും മതബോധനത്തേക്കുറിച്ച് സൂചനകൾ ഉണ്ട്. മെത്രാൻമാർ എന്ന പേരിലുള്ള ഡിക്രിയിലാണ് ഏറ്റവുമധികം പരാമർശം. കൗൺസിലിന്റെ വിക്ഷണത്തിൽ വിശ്വാസസത്യങ്ങളുടെ ക്രമവത്കൃതമായ പഠിപ്പിക്കലാണ് മതബോധനം. ശ്ലീഹൻമാരുടെ പിൻഗാമികളായ മെത്രാന്മാരാണു മതബോധന പ്രക്രിയയ്ക്കു നേതൃത്വം നൽകേണ്ടത്. വൈദികർ മെത്രാന്മാരുടെ സഹപ്രവർത്തകരാണ്.

## 1.മതബോധനം: കൗൺസിലിനു ശേഷം

വത്തിക്കാൻ കൗൺസിലിനു ശേഷം 1965-1970 കാലഘട്ടത്തിൽ ആഗോളതലത്തിൽ മതബോധനരംഗത്തു പലനൂതനപരീക്ഷണങ്ങളും നവീകരണ ശ്രമങ്ങളും നടന്നിട്ടുണ്ട് എങ്കിലും കൗൺസിൽ പ്രമാണരേഖകൾക്ക് പ്രത്യേകിച്ച് മതബോധനത്തെക്കുറിച്ച് പ്രതിപാദിക്കുന്നവയ്ക്ക് ഈ രംഗത്തൊന്നും കാര്യമായ സ്വാധീനമില്ലായിരുന്നു. തന്നെയുമല്ല പല പാശ്ചാത്യ ചിന്തകരും വിശ്വാസം പങ്കുവയ്ക്കുക, പഠിപ്പിക്കുക എന്നത് ഹയരാർക്കിയുടെ ചുമതലയാണെന്ന വത്തിക്കാൻ പ്രബോധനത്തെ ചോദ്യം ചെയ്യുകയുണ്ടായി.

കൗൺസിലിനെ തുടർന്ന് ആഗോളസഭയിലുണ്ടായ നവീകരണ ശ്രമങ്ങൾക്കൊപ്പം ഭാരതത്തിലും പ്രത്യേകിച്ച് കേരളത്തിലും മതബോധനരംഗത്ത് നവീകരണ യത്നങ്ങൾക്കും കാര്യമായ മാറ്റങ്ങൾ വന്നു. മതാദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിലും പുതിയ പാഠപുസ്തകങ്ങൾ തായാറാക്കുന്നതിലും വഹിച്ച പങ്ക് നിസ്തുലമാണ് തന്നെയുമല്ല വത്തിയ്ക്കാൻ കൗൺസിലിന്റെ മറ്റേതു പ്രാദേശിക സഭയേക്കാളും മെച്ചപ്പെട്ട നിലയിൽ ഭാരതസഭയ്ക്ക് ഉൾക്കൊള്ളാൻ സാധിച്ചിട്ടുണ്ട്.

## 2. മതബോധന ഡയറക്ടറി (1971)

വത്തിക്കാൻ കൗൺസിലിന്റെ പ്രമാണ രേഖകൾക്കു ശേഷം പുറത്തുവന്ന മതബോധന സംബന്ധമായ ആധികാരിക രേഖയാണിത്. ആറു ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഡയറക്ടറിയിൽ മതബോധനത്തെ സംബന്ധിച്ച പുതിയ കാഴ്ചപ്പാടുകൾ പലതും സംയുക്തമായി പ്രതിപാദിച്ചിരിക്കുന്നു. ഒന്നാമത്തെ ഭാഗത്ത് ആധുനിക ലോകത്തിന്റെ സവിശേഷതകളും ലോകത്തിൽ സഭയ്ക്കുള്ള പ്രത്യേകമായ പങ്കുമാണ് വിവരിക്കുന്നത്. വചനശുശ്രൂഷ എന്നപേരിലുള്ള രണ്ടാം ഭാഗം ദൈവവചനം കൈമാറുന്നതിനുള്ള വിവിധ രീതികളെക്കുറിച്ചും മതബോധന ദൗത്യത്തിന്റെ പ്രത്യേക സ്വഭാവത്തെക്കുറിച്ചും വിവരിച്ചിരിക്കുന്നു.

ക്രിസ്തീയ സന്ദേശമെന്നാണ് മൂന്നാമത്തെ തലക്കെട്ട്. മതബോധനത്തിന്റെ ലക്ഷ്യം, ഉള്ളടക്കം, ഉള്ളടക്കത്തിന്റെ ഉറവിടങ്ങൾ എന്നിവ വിവരിച്ചിരിക്കുന്നു. നാലാം ഭാഗത്ത് ബോധനരീതിയും, അഞ്ചാം ഭാഗത്ത് വിവിധ പ്രായം അനുസരിച്ചുള്ള മതബോധനമാണ്. അവസാന ഭാഗത്ത് ചർച്ചചെയ്യപ്പെട്ടത് അജപാലനപ്രവർത്തനങ്ങളെപ്പറ്റിയുമാണ്.

മതബോധനത്തെക്കുറിച്ച് താത്ത്വികമായ ഉൾക്കാഴ്ച്ചകൾ മാത്രമല്ല ഡയറക്ടറി നൽകുന്നത് മതാദ്ധ്യാപകർ, മതബോധനഗ്രന്ഥം, ബോധനരീതികൾ, സഭയിലെ വിവിധ അജപാലന പ്രവർത്തനങ്ങളുമായുള്ള ഉൾച്ചേരൽ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് നൂതനമായ അറിവ് പ്രധാനം ചെയ്യുന്നതിൽ ഡയറക്ടറി വിജയിച്ചിട്ടുണ്ട്.

## 3. മതബോധനം ഇന്ന് (1979)

1977-ലെ മെത്രാന്മാരുടെ സിനഡിന്റെ സത്ഫലങ്ങൾ സ്വീകരിക്കുന്നതിനും അതിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളും അഭിപ്രായങ്ങളും ദൈവജനത്തെ ഔദ്യോഗികമായി അറിയിക്കുന്നതിനും വേണ്ടി ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 1979 ഒക്ടോബർ 16-ന് പുറപ്പെടുവിച്ച ശ്ലൈഹിക പ്രബോധനമാണ് മതബോധനം ഇന്ന് എന്ന പ്രമാണരേഖ പുത്തൻ ഉൾക്കാഴ്ചകൾ പ്രദാനം ചെയ്യുന്നുണ്ട്. മതബോധനത്തിന്റെ ക്രിസ്തു കേന്ദ്രീകൃതമാനം,

മനുഷ്യാധിഷ്ഠിത സ്വഭാവം തുടങ്ങിയവ തികച്ചും നൂതനമായ ചിന്താധാരയാണ്. മതബോധന പ്രക്രിയയെ എങ്ങനെ നവീകരിക്കണം എന്നും ജീവിതബന്ധിയാക്കണം എന്നും മാർപ്പാപ്പാ ഇതിൽ ചൂണ്ടിക്കാട്ടുന്നുണ്ട്. അധുനിക കാലഘട്ടത്തിൽ മതബോധനം എത്രമാത്രം അവശ്യാവശ്യമെന്നു ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

## 4. സാർവ്വത്രിക മതബോധന ഗ്രന്ഥം (1992)

1992 ഡിസംബർ 7–ാം തീയതി റോമിൽ വച്ച് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ ഔദ്യോഗികമായി പ്രകാശനം ചെയ്ത മതബോധന ഗ്രന്ഥം സഭയുടെ മതബോധന ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്. കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം എന്നാണ് ഇതിന്റെ ഔദ്യോഗിക നാമം. സഭയുടെ വിശ്വാസ–സാന്മാർഗ്ഗ സത്യങ്ങളുടെ സംഗ്രഹമാണ് മതബോധന ഗ്രന്ഥം.

ക്രൈസ്തവ വിശ്വാസവളർച്ചയ്ക്ക് ഏറെ സഹായകമായ ഗ്രന്ഥമാണിത്. ദൈവത്തിന്റെ വെളിപാട് ഹൃദയപൂർവ്വം അംഗീകരിക്കുകയും അവിടുത്തേയ്ക്ക് തന്നെത്തന്നെ സ്വമനസ്സാ മുഴുവനായി സമർപ്പിക്കുകയും ചെയ്യുന്നതാണ് വിശ്വാസം (ഡി.വി. 5).

വെളിപാടിലൂടെ (Divine Revelation) മനുഷ്യരെ സംബന്ധിച്ച ദൈവഹിതം ആവിഷ്ക്കരിക്കപ്പെടുന്നു. ഇത് ബുദ്ധിപരമായ വിജ്ഞാന ദാനം മാത്രമല്ല ദൈവം സ്നേഹത്തിന്റെ പാരമ്യത്തിൽനിന്ന് മനുഷ്യരോട് സംസാരിക്കുകയും നമ്മുടെ മദ്ധ്യേ വസിക്കുകയും തന്റെ സഹവർത്തിത്വത്തിലേക്ക് അവരെ ക്ഷണിക്കുകയും കൊണ്ടുവരുകയും ചെയ്യുന്ന സർഗാത്മകമായ സ്നേഹ സംസർഗം കൂടിയാണ്. യേശുവിന്റെ ജീവിതവും സന്ദേശവും ഇത്തരം സമഗ്രമായ ആവിഷ്കാരമാണ്. വിശുദ്ധ ഗ്രന്ഥം, വി. പാരമ്പര്യം, സഭാപ്രബോധനം, ദൈവശാസ്ത്രം എന്നിവയിലൂടെ ദൈവാവിഷ്കാരം വ്യത്യസ്തരീതിയിൽ കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. ഇത് ആധികാരികമായി ക്രോഡീകരിച്ച് സംക്ഷിപ്ത രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഗ്രന്ഥമാണ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥ സംക്ഷേപം. വിശ്വാസത്തിൽ സമഗ്രമായി വളരാനും വിശ്വസിക്കുന്നവ കൃത്യതയോടെ കൈമാറാനും ഇത് സഹായകമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമാണ് വിശ്വാസരൂപീകരണത്തിന് ക്രമീകൃതമായ രൂപമുണ്ടായത്.

## 4. മതബോധനത്തിന്റെ ലക്ഷ്യങ്ങൾ

വിശ്വാസത്തിന്റെ പക്വത പ്രാപിക്കലാണ് മതബോധനം ലക്ഷ്യമാക്കുന്നത്. മതബോധനത്തിന്റെ നിർദ്ദിഷ്ടലക്ഷ്യം വിശ്വാസത്തിലുള്ള അഭ്യസനമാണ്. വിശ്വാസത്തെ വികസിപ്പിക്കുകയും ക്രൈസ്തവ ജീവിതത്തെ പൂർണ്ണതയിലേയ്ക്ക് നയിക്കുകയും അതിനെ പോഷിപ്പിക്കുകയും ചെയ്യണം (സി.റ്റി 20). മാമ്മോദീസായിൽ പരിശുദ്ധാത്മാവ് വിതച്ച വിശ്വാസമെന്ന വിത്തിന് വളർച്ച ആവശ്യമാണ് മാമ്മോദീസാ സ്വീകരിച്ചവർക്കു വേണ്ടിയാണു ഇന്നും വിശ്വാസപരിശീലനം നടത്തുന്നത്. ആരാധനക്രമത്തിലെ സജീവഭാഗിത്വം, പ്രാർത്ഥനയിലെ പങ്കാളിത്തം, നവീകരണ ധ്യാനങ്ങൾ, വിശുദ്ധഗ്രന്ഥ പാരായണം, അനുദിന ധ്യാനം ഇവയൊക്കെ വിശ്വാസത്തിൽ വളരാൻ സഹായിക്കും.

വ്യക്തികളെയും സമൂഹത്തെയും വിശ്വാസത്തിന്റെ പക്വതയിലെയ്ക്കു നയിക്കുന്ന സഭാത്മക പ്രവർത്തനമായിട്ടാണ് മതബോധനത്തെ വിശേഷിപ്പിക്കുന്നത്. വിശ്വാസം ചോദ്യം ചെയ്യപ്പെടുമ്പോഴും വിശ്വാസത്തെപ്രതി പീഡനങ്ങൾ സഹിക്കേണ്ടിവരുമ്പോഴും ഉറച്ചുനിൽക്കാൻ സാധിക്കുന്ന അവസ്ഥയാണ് വിശ്വാസത്തിന്റെ പക്വത കൊണ്ടർത്ഥമാക്കുക. വിശ്വാസത്തിനനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാനും പക്വതയുള്ള വിശ്വാസികൾ തയ്യാറാകും.

പരിശുദ്ധാത്മാവാണ് വിശ്വാസം വളർത്തി പക്വതയിലെത്തിക്കുന്നത്. നിങ്ങൾ പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവിൻ. മതബോധനവും പരിശുദ്ധാത്മാവിന്റെ പ്രവർത്തനമാണ്. (സി.റ്റി 72) അപ്പോൾ വിശ്വാസികൾ തങ്ങളുടെ ബുദ്ധിയും മനസ്സും ദൈവത്തിന് സമ്പൂർണ്ണമായി സമർപ്പിക്കും. അവിടെ സ്നേഹവും പ്രത്യാശയും വിശ്വസ്തയും ഇതര വിശിഷ്ടപുണ്യങ്ങളും എല്ലാവരിലും ഉണ്ടാകും.

ക്രിസ്തുവിനു വിധേയമായ ജീവിതം നയിക്കുവാൻ എല്ലാവരെയും തയ്യാറാക്കുക എന്നതാണ് മതബോധനത്തിന്റെ പ്രഖ്യാപിത ലക്ഷ്യം.

വിശ്വാസത്തിന്റെ പക്വതയിലേക്ക് വളരണമെങ്കിൽ ദൈവത്തെക്കുറിച്ചും ക്രിസ്തുവിൽ കേന്ദ്രീകൃതമായ ദൈവികരക്ഷാപദ്ധതികളെക്കുറിച്ചും ആഴമായ അറിവ് ആവശ്യമാണ്. ഈ അറിവ് പ്രദാനം ചെയ്യുക മതബോധനത്തിന്റെ ലക്ഷ്യമാണ്. പിതാവിനേയും അവിടുത്തെ ഏകജാതനേയും അറിയുന്നതാണല്ലോ നിത്യജീവൻ (യോഹ 17:3) ദൈവത്തെ പിതാവായി അംഗീകരിക്കുകയും ക്രിസ്തുവിനെ രക്ഷകനും കർത്താവുമായി സ്വീകരിക്കുവാനും മതബോധനം സഹായിക്കുന്നു. ക്രിസ്തുവിനെ അനുഭവിച്ചറിയുക അതാണ്

മതബോധനത്തിൽ സാധിക്കേണ്ടത്. ഹൃദയത്തിന്റെ തലത്തിലുള്ള അനുഭവ ജ്ഞാനത്തിനാണ് മുൻതൂക്കം നൽകേണ്ടത്.

കർത്താവായ ക്രിസ്തുവിനെ നന്നായി അറിയുവാൻ സഹായിക്കും വിധം ലളിതവും ഉറച്ചതുമായ ബോധ്യങ്ങൾ ആർജിക്കുവാൻ വിശ്വാസികളെ സഹായിക്കുക എന്നതും മതബോധനത്തിന്റെ ലക്ഷ്യമാണ് (സി.റ്റി 60) ബോധ്യങ്ങൾ ഉള്ളവരായി ക്രൈസ്തവരെ രൂപപ്പെടുത്തുന്നതിലാണ് മതബോധനത്തിന്റെ പ്രസക്തി അടങ്ങിയിരിക്കുന്നത്.

ക്രൈസ്തവജീവിതം സാക്ഷ്യത്തിന്റെ ജീവിതമാണ് ലോകത്തിൽ ക്രിസ്തുവിന് സാക്ഷികളാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് ക്രൈസ്തവർ. ലോകത്തിന്റെ ദീപവും ഭൂമിയുടെ ഉപ്പുമാകുവാൻ വിശ്വാസികളെ ഒരുക്കുക എന്നത് മതബോധനത്തിന്റെ ലക്ഷ്യമാണ്. സഭയിലും ലോകത്തിലും മാതൃകാപരമായ ഒരു ജീവിതം നയിക്കണം. വിശ്വാസം ജീവിതത്തിലൂടെ പ്രകടമാക്കണം.

ജീവിതസാക്ഷ്യത്തിന്റെ മറ്റൊരു മുഖമാണ് മാനസാന്തരം. ഹൃദയത്തെ തുറക്കുകയും മാനസാന്തരത്തിലേക്ക് നയിക്കുകയും ചെയ്യുക മതബോധനത്തിന്റെ മറ്റൊരു ലക്ഷ്യമാണ്. വചനത്താൽ നിറയണം പുത്തൻ കാഴ്ച്ചപ്പാടും പുത്തൻ ജീവിതശൈലിയും രൂപപ്പെടുത്തുവാനും മതബോധനം വിശ്വാസികളെ പ്രാപ്തരാക്കുന്നു. മാനസാന്തരപ്പെട്ട പുതിയജീവിതമെന്നാൽ ക്രിസ്തു നമ്മിൽ രൂപപ്പെടുന്നതും അവിടുത്തെ സ്നേഹത്തെ പൂർണ്ണമായും അനുഭവിച്ചറിയുന്നതും അവിടുന്നിൽ നമ്മൾ ജീവിക്കുന്നതുമായ അവസ്ഥയാണ്.

## ക്രിസ്തുവിനോടൊത്തുള്ള ജീവിതം

ക്രിസ്തുവിനോടൊത്തുള്ള കൂട്ടായ്മയിലേയ്ക്ക് നയിക്കുന്നതാകണം മതബോധനം. അവിടുന്ന് നമ്മെ രക്ഷിക്കുകയും വിശുദ്ധീകരിക്കുകയും നമുക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു. അവിടുന്ന് ജീവിക്കുന്നവനും സംസാരിക്കുന്നവനും ഉണർവ്വേകുന്നവനും ഉത്തേജിപ്പിക്കുന്നവനും സങ്കടങ്ങൾ പരിഹരിക്കുന്നവനും ഇതികർത്താവും മോചകനും ചരിത്രത്തിന്റെ പാതയിൽ അനുദിനം നമ്മെടൊത്ത് ചരിക്കുന്നവനുമാണ്. വന്നവനും മഹത്വത്തിൽ വീണ്ടും വരാനിരിക്കുന്നവനുമാണ്, ക്രിസ്തുവാകുന്ന അദ്ധ്യാപകൻ (സി.റ്റി 9). ത്രിത്വത്തോടുകൂടിയുള്ള ജീവിതത്തിനു നമ്മെ ക്ഷണിക്കുന്നത് ക്രിസ്തു നാഥനാണ്. അവിടുത്തേയ്ക്ക് മാത്രമേ പരിശുദ്ധാത്മാവിൽ പിതാവിന്റെ സ്നേഹത്തിലേയ്ക്ക് നമ്മെ നയിക്കാനും പരിശുദ്ധ ത്രിത്വത്തിന്റെ ജീവനിൽ പങ്കാളികളാക്കുവാനും കഴിയു (സിറ്റി 5) മനുഷ്യവംശത്തെ ഒന്നിപ്പിക്കുന്നതിനുള്ള സാധ്യതകൾ കാണിച്ചുതരുന്നതും അവിടുന്നു തന്നെ (സിറ്റി 38).

വിശ്വാസത്തിലും സ്നേഹത്തിലും പ്രത്യാശയിലും അതിഷ്ഠിതമായ ജീവിതമാണ് ക്രിസ്തു നാഥൻ കൃപാപൂർവ്വം വിശ്വാസികൾക്ക് നൽകുന്നത്. പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്താൽ ദൈവിക വെളിപാടുകൾ വിശ്വസിക്കുവാനും നന്മപ്രവർത്തികൾ ചെയ്യുവാനും മനുഷ്യർക്ക് സാധിക്കും. വിശ്വാസികളെ തങ്ങളുടെ ക്രൈസ്തവമായ ഉത്തരവാദിത്വങ്ങളെക്കുറിച്ചും ബോധ്യപ്പെടുത്തുക മതാദ്ധ്യാപനത്തിന്റെ ദൗത്യമാണ്. ജീവിതത്തെ പുനഃപരിശോധിക്കുന്നതിനും ക്രിസ്തുവിനെ അനുഗമിക്കുന്നതിനും മതബോധനം ക്രൈസ്തവരെ പ്രാപ്തരാക്കുന്നു.

പൊതുവിൽ വിശ്വാസജീവിതത്തിൽ വ്യക്തികളെയും സമൂഹത്തെയും വളർത്തുകയും പക്വതയിൽ എത്തിക്കുകയുമാണ് മതബോധനത്തിന്റെ ലക്ഷ്യം. മതബോധനം വിശ്വാസത്തിന് തെളിവും ജീവനും നൽകുന്നു. ക്രിസ്തുവിന്റെ ചൈതന്യത്തിനും യോജിച്ച ഒരു ജീവിതം വളർത്തിയെടുക്കുന്നു ആരാധനക്രമങ്ങളിൽ ബോധപൂർവ്വമായും സജീവമായും പങ്കെടുക്കുവാൻ ഒരുവനെ നയിക്കുന്നു. അതു പ്രേക്ഷിതപ്രവർത്തനത്തെ തട്ടിയുണർത്തുകയും ചെയ്യുന്നു (ജി.ഇ 4).

## 5. വിശ്വാസവർഷം- വിശ്വാസപരിശീലനം

അന്ധകാരം അതിപ്രസരം നടത്തുന്ന ഈ ലോകത്തിൽ വിശ്വാസമെന്ന കൃപാവരം നമ്മെ നിത്യജീവന്റെ പ്രകാശത്തിലേയ്ക്ക് ആനയിക്കുന്നു. വിശ്വാസ പ്രതിസന്ധികൾ നിറഞ്ഞ ഇന്നത്തെ കാലഘട്ടത്തിൽ വിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും സകല വിശ്വാസികൾക്ക് വരച്ചുകാട്ടുവാനും വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കുവാനും വിഫലീകരിക്കുവാനും സ്ഥിരപ്പെടുത്തുവാനും ഏറ്റുപറയാനും തക്കവിധം വിശ്വാസത്തെക്കുറിച്ചുള്ള കൃത്യമായ അറിവ് സഭ മുഴുവനും ആർജ്ജിക്കുകയുമാണ് വിശ്വാസവർഷ പ്രഖ്യാപനത്തിന്റെ ലക്ഷ്യം. ആഗോളസഭയിൽ വിശ്വാസവർഷം ആചരിക്കുമ്പോൾ വിശ്വാസപരിശീലകരായ മതാദ്ധ്യാപകർക്ക് ക്രൈസ്തവ വിശ്വാസ ഉള്ളടക്കത്തിന്റെ കൃത്യമായ അറിവ് മനസിലാക്കാനും പകർന്നുകൊടുക്കുവാനും സാധിക്കട്ടെ. വിശ്വാസം പാഥേയമാക്കി ജിവിക്കുന്നവൻ നിത്യജീവനിലേയ്ക്കുള്ള അവന്റെ യാത്ര ആരംഭിച്ചുകഴിഞ്ഞു അതിനാലാണ് പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നത് നമ്മൾ ചരിക്കുന്നത് കാഴ്ചയാലല്ല, വിശ്വാസത്താലാണ് (2 കൊറി 5:7).ഈ ഭൂമിയിലെ തീർത്ഥാടനത്തിൽ നമ്മുടെ ലക്ഷ്യമായ സൗഭാഗ്യ ദർശനത്തിന്റെ സന്തോഷവും സമാധാനവും പ്രകാശവും മുൻകൂട്ടി അനുഭവിക്കാൻ വിശ്വാസം നമ്മെ പ്രാപ്തരാക്കുന്നു.

പരിശുദ്ധാത്മ കൃപാവരത്തിൽ കൂടിയാണ് ഒരുവൻ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് കടക്കുന്നത്. വിശ്വാസത്തിൽ മനുഷ്യബുദ്ധിയും മനസ്സും ദൈവകൃപയോട് സഹകരിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ നാഥനും അതിന്റെ പൂർണ്ണതയിലെത്തിക്കുന്നവനുമായ ക്രിസ്തുവിനെ മുന്നിൽ കണ്ടുകൊണ്ട് നമ്മുടെ ജീവിതം മുന്നോട്ടു നയിക്കാം. ക്രിസ്തുവിനെ ഹൃദയത്തിൽ കർത്താവായും ദൈവമായും ഏറ്റുപറയാം. ദൈവത്തിന്റെ വെളിപാട് അംഗീകരിക്കുകയും അവിടുത്തേക്ക് തന്നെത്തന്നെ സ്വമനസ്സാ മുഴുവനായി സമർപ്പിക്കുകയും ചെയ്യുന്നതാണ് വിശ്വാസം (ഡി.വി 5).

വി.ഗ്രന്ഥത്തിൽ വിശ്വാസാനുസരണത്തിൻ പ്രധാന സാക്ഷികൾ അബ്രാഹവും, മറിയവും ആണ്. പരീക്ഷിക്കപ്പെട്ട അബ്രാഹം ദൈവത്തിൽ വിശ്വസിക്കുകയും (റോമാ 4:3) എല്ലായ്പ്പോഴും ദൈവഹിതത്തെ അനുസരിക്കുകയും അങ്ങനെ വിശ്വസിക്കുന്നവരുടെയെല്ലാം പിതാവാകുകയും ചെയ്തു. (റോമ 4:11–18) വിശ്വാസാനുസരണം തന്റെ ജീവിതത്തിൽ മുഴുവനും ഏറ്റവും പൂർണ്ണമായ രീതിയിൽ സാക്ഷാത്കരിച്ചത് പരിശുദ്ധ കന്യകാമറിയമാണ്. നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ ( ലൂക്കാ 1:38).

വിശ്വാസം ദൈവവചനത്താൽ അധിഷ്ടിതമാണ്. വിശ്വാസം സ്നേഹത്തിലൂടെ പ്രവർത്തനനിരതവുമാണ് (ഗലാ 5:6).

വിശ്വാസം അറിവും വിശ്വസിച്ച് ആശ്രയിക്കലുമാണ്. അതിന് 7 സവിശേഷതകൾ ഉണ്ട്

1. വിശ്വാസം ദൈവത്തിൽ നിന്നുള്ള സൗജന്യ ദാനമാണ്.നാം തീക്ഷണതയോടെ ചോദിക്കുമ്പോൾ ലഭിക്കുന്നതുമാണ്.

2. നമുക്ക് നിത്യരക്ഷ പ്രാപിക്കണമെങ്കിൽ തികച്ചും അത്യാവശ്യവുമായ അതിസ്വഭാവിക ശക്തിയാണ് വിശ്വാസം.

3. ഒരു വ്യക്തി ദൈവികക്ഷണം സ്വീകരിക്കുമ്പോൾ അയാൾക്ക് സ്വതന്ത്രമായ മനസ്സും വ്യക്തമായ ധാരണാശക്തിയും ഉണ്ടായിരിക്കണമെന്ന് വിശ്വാസം ആവശ്യപ്പെടുന്നു.

4. വിശ്വാസം തികച്ചും സുനിശ്ചിതമാണ്. കാരണം യേശു അതിന് ഉറപ്പു നൽകുന്നു.

5. സജീവ സ്നേഹത്തിലേക്ക് നയിക്കുന്നില്ലെങ്കിൽ വിശ്വാസം അപൂർണ്ണമാണ്.

6. ദൈവത്തിന്റെ വചനം കേൾക്കുകയും പ്രാർത്ഥനയിൽ വളരുകയും ചെയ്യുമ്പോൾ വിശ്വാസവും വളരുന്നു.

7. സ്വർഗ്ഗത്തിലെ സന്തോഷത്തിന്റെ മുന്നാസ്വാദനം ഇപ്പോൾതന്നെ വിശ്വാസം നമുക്കു നൽകുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സുവർണ്ണ ജൂബിലി വർഷത്തിന്റേയും നവസുവിശേഷ വത്കരണത്തിന്റേയും പാശ്ചാത്തലത്തിൽ സഭ വിശ്വാസവർഷം ആചരിക്കുമ്പോൾ സഭയ്ക്ക് പുതിയ ഉണർവ്വും സഭാത്മക ജീവിതത്തിന് പുതിയ കാഴ്ച്ചപ്പാടും നല്കുവാൻ ഉപകരിക്കുന്നതാണ് വിശ്വാസവർഷാചരണം ഈ കൗൺസിലിലൂടെ സഭ വാതായനങ്ങൾ തുറന്ന് എല്ലാവരിലുമുള്ള നന്മയെ അംഗീകരിച്ചു നവോത്ഥാനത്തന്റെ പ്രകടമായ ഈ വ്യത്യാസം സഭയിൽ അലയടിച്ചപ്പോൾ വിശ്വാസികളിലും സഭയിലും വന്ന മാറ്റം കാലം മനസ്സിലാക്കുകയും ചെയ്തു.

നീണ്ട 50 വർഷങ്ങളിലൂടെയുള്ള പ്രയാണത്തിൽ കൗൺസിലിലൂടെ കിട്ടിയ ചൈതന്യവും ബോധ്യങ്ങളും തുറവിയുമെല്ലാം ചോർന്നു പോയിട്ടുണ്ടെങ്കിൽ അവ പരിഹരിച്ച് ഒരു പുതു ചൈതന്യവും ഉണർവ്വും പ്രദാനം ചെയ്യാൻ വിശ്വാസ വർഷാചരണത്തിനാകും.

വിശ്വാസത്തിന്റെ പുതിയ മാനങ്ങൾ കണ്ടെത്തി ബോധ്യങ്ങളോടും താൽപര്യത്തോടും കൂടെ അവയെ ആശ്ലേഷിക്കുകയും നവ സുവിശേഷവത്ക്കരണത്തിന് പുതിയ മാർഗ്ഗങ്ങൾ അവലംബിച്ച് മാറിമാറി വരുന്ന സാമൂഹിക സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ വാർത്താ മാധ്യമ, ശാസ്ത്ര സാങ്കേതിക വളർച്ചയുടെ പാശ്ചാത്തലത്തിൽ വിശ്വാസ ജീവിതത്തെ ശക്തിപ്പെടുത്തുകയുമാണ് വിശ്വാസ വർഷാചരണത്തിന്റെ ലക്ഷ്യം.

സ്നേഹമാണ് വിശ്വാസത്തിന്റെ അടിസ്ഥാനം സ്നേഹത്തിന്റെ ഉറവ ഹൃദയത്തിൽ നിന്ന് അപരനിലേയ്ക്ക് പൊട്ടി ഒഴുകാൻ തുടങ്ങുന്നത് വിശ്വാസത്തിന്റെ ഉറപ്പ് ഹൃദയത്തെ പരിപക്വമാക്കുമ്പോഴാണ്. ദൈവവും സഭയുമായുള്ള നമ്മുടെ സ്നേഹത്തിന്റെ ആഴമാണ് വിശ്വാസത്തിന്റെ ആഴങ്ങളിലേയ്ക്ക് നമ്മെ നയിക്കുന്നതും, ജീവിതം വിശ്വാസജീവിതത്തിന്റെ ആഘോഷമാക്കി മാറ്റുവാൻ നമ്മെ പ്രേരിപ്പിക്കുന്നതും.

വിശ്വാസം ജീവിതാനുഭവത്തിലൂടെ വളരുന്നതാണ് .അറിവും പഠനവുമാണ് ശരിയായ ലക്ഷ്യത്തിലെത്തിക്കുന്നത്, ഉത്തമ ജീവിതത്തിലേയ്ക്ക് നമ്മെ നയിക്കുന്നതും. അപ്പോൾ നമ്മുടെ വിശ്വാസം ബോധ്യങ്ങളായി രൂപപ്പെടുന്നു. വിശ്വാസവർഷാ ചരണത്തിൽ കൗൺസിൽ രേഖകളുടെ ആഴമായ പഠനവും കത്തോലിക്കാ സഭയുടെ മത ബോധന ഗ്രന്ഥത്തിന്റെയും യുവജന മതബോധന ഗ്രന്ഥത്തിന്റെയും വ്യാപനവും സഭ ലക്ഷ്യം വയ്ക്കുന്നുണ്ട്. ഈ പഠനം നമ്മുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുമെന്നത് തീർച്ചയാണ് നാം പഠിക്കുമ്പോൾ വിശ്വാസത്തിന്റെ വാതിലുകൾ ഓരോന്നായി ദൈവം നമുക്ക് തുറന്നു തരും.

വിശ്വാസമെന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്. (ഹെബ്രാ 11:1) സ്വയം വെളിപ്പെടുത്തിയ ദൈവത്തിന് മനുഷ്യൻ നൽകുന്ന

പ്രത്യുത്തരമാണ് വിശ്വാസം. (സി.സി.സി 142) സഭയാണ് വിശ്വാസത്തിന്റെ പ്രാഥമിക കർത്തൃത്വം വഹിക്കുന്നത്.

നവ സുവിശേഷവത്ക്കരണത്തിനായുള്ള വിളിയോട് നമുക്കെങ്ങിനെ പ്രത്യുത്തരിക്കാൻ കഴിയും. ആദ്യമായി നമ്മിൽ നിന്നു തന്നെ തുടങ്ങുക നമ്മുടെ തന്നെ വിശ്വാസത്തെ നവീകരിക്കുകയും ആഴപ്പെടുത്തുകയും ചെയ്യുക. നമ്മുടെ വിശ്വാസത്തിൽ പുതുതായൊരു ആത്മവിശ്വാസം ഉണ്ടാക്കുക ഇതാണ് സത്യം എന്ന ശക്തമായ ഉറപ്പ്.

മറ്റുള്ളവരുമായി പങ്കുവയ്ക്കുക ഈ കാലഘട്ടത്തിൽ വെല്ലുവിളികൾക്കനുസൃതമായി പുതിയ വഴികളിലൂടെ പങ്കുവയ്ക്കുക അപ്പസ്തോലന്മാരെപ്പോലെ പോകുക. വി.പൗലോസിനെപ്പോലെ എല്ലാവരോടും സദ്വാർത്ത പറയാൻ ഞാൻ മാത്രമേ ഉള്ളൂ എന്നപോലെ.

**കൂദാശകൾ-** കൂദാശകളെ വിശ്വാസത്തിന്റെ കൂദാശകൾ എന്നു വിളിക്കുന്നു.കൂദാശകളുടെ ലക്ഷ്യം നമ്മുടെ വിശുദ്ധീകരണമാണ്. കൂദാശ നമ്മുടെ വിശ്വാസത്തെ പുഷ്ടിപ്പെടുത്തുന്നു കൂദാശകളുടെ അനുഭവത്തിലൂടെ സഭയുടെ വിശ്വാസത്തിന്റെ ഏറ്റുപറച്ചിലാണ് കൂദാശകളിലൂടെ നടക്കുന്നത്.

സഭയുടെ വിശ്വാസ ജീവിതവും പ്രാർത്ഥനാ ജീവിതവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കൂദാശകളിലൂടെ വിശ്വാസ ജീവിതം സാക്ഷാത്കരിക്കപ്പെടുന്നു. കൂദാശകൾ രക്ഷയുടെ കൂദാശയാണ് കൂദാശകളിലൂടെ ദൈവിക ജീവൻ പ്രദാനം ചെയ്യുന്നു. കൂദാശകളിലൂടെ വരാനിരിക്കുന്ന നിത്യജീവന്റെ മുന്നാസ്വാദനമാണ് സംഭവിക്കുന്നത്. വി.കുർബാന നിത്യജീവന്റെ അച്ചാരമാണ് വിശ്വാസം ആഘോഷിക്കുന്നത് കൂദാശകളിലൂടെയാണ് വിശ്വാസത്തിന്റെ ഉള്ളടക്കം ക്രിസ്തുരഹസ്യവും പരിശുദ്ധാത്മാവിന്റെ ആഗമനവും ആണ്.

## വിശ്വാസത്തിന്റ വാതിൽ

വിശ്വാസവർഷാചരണത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് പുറപ്പെടുവിച്ച ശ്ലൈഹിക ലേഖനമാണ് വിശ്വാസത്തിന്റെ വാതിൽ ഈ പ്രബോധനത്തിൽ മാർപ്പാപ്പപറഞ്ഞു ദൈവിക കൂട്ടായ്മയിലുള്ള ജീവിതത്തിലേയ്ക്ക് നമ്മെ കൈപിടിച്ചുയർത്തുന്നതിനും അവിടുത്തെ തിരുസഭയിൽ നമുക്ക് പ്രവേശനം ലഭിക്കുന്നതിനും വേണ്ടി സദാസമയം വിശ്വാസത്തിന്റെ വാതിൽ നമുക്കായി തുറന്നു കിടക്കുന്നു ജ്ഞാനസ്നാനം എന്ന മഹനീയ കൂദാശയിലൂടെയാണ് നാമെല്ലാവരും വിശ്വാസത്തിന്റെ കവാടത്തിലേക്ക് പ്രവേശിക്കുന്നത്.

പിന്നീടുള്ള ക്രൈസ്തവന്റെ ജീവിതം വഴിയിലൂടെയുള്ള ഒരു തീർത്ഥാടനമാണ് "നീജീവനുള്ളദൈവത്തിന്റെപുത്രനായ ക്രിസ്തുവാണ്"(മത്താ 16:16) എന്ന് ഈശോയിലുള്ള

വിശ്വാസം ധീരതയോടെ പ്രഖ്യാപിച്ച പത്രോസിനോട് ഈശോ പറയുന്നു. മാംസരക്തങ്ങളല്ല എന്റെ സ്വർഗ്ഗസ്ഥനായ പിതാവാണ് നിനക്ക് ഇത് വെളിപ്പെടുത്തിതന്നത് എന്ന് ദൈവം മനുഷ്യന് വെളിപ്പെടുത്തി കൊടുക്കുന്ന ഒരു സത്യമാണ് വിശ്വാസം അതിനാൽ ദൈവഹിതപ്രകാരം നമുക്ക് ലഭിക്കുന്ന ഈ സവിശേഷമായ ദാനത്തെക്കുറിച്ച് നാം ദൈവത്തോട് നന്ദിയുള്ള വരായിരിക്കണം.

തിരുസഭയിലൂടെ നമുക്ക് രക്ഷക്കായി വഴിതെളിക്കുന്ന കൂദാശകളിലൂടെ പരിശുദ്ധാത്മവിനാൽ പൂരിതരായി മാറുമ്പോൾ ആദിമ സഭയുടെ വിശ്വാസ ബോധ്യത്തിലേയ്ക്ക് നാംഎത്തിച്ചേരുന്നു ഈ വിശ്വാസവർഷത്തോടനുബന്ധിച്ച് ഒരു നവ സുവിശേഷ വത്ക്കരണമാണ് സഭ ലക്ഷ്യംമിടുന്നത് ദൈവം പൂർവ്വപിതാക്കന്മാരിലൂടെ പകർന്നുതന്ന ഈ ആമൂല്യമായ സമ്മാനത്തെ വളർത്തിയെടുക്കാം.

ദൈവ വിശ്വാസത്തിലേയ്ക്ക് തുറക്കപ്പെട്ടിരിക്കുന്ന യഥാർത്ഥവാതിൽ ക്രിസ്തുവാണ് വിശ്വാസത്തിന്റെ വാതിലായി നമുക്കും മാറാം. വിശ്വാസാനുഭവം ഉജ്ജ്വലിപ്പിക്കാൻ ആരാധനാഘോഷങ്ങൾ ബൈബിൾക്ലാസുകൾ കൂദാശാപരികർമ്മങ്ങളുടെ പൂർണ്ണത വിശ്വാസ പരിശീലനം എന്നിവയിലൂടെ ഭക്തിപൂർവ്വകവും അർത്ഥസമ്പുഷ്ടവുമായ പങ്കുചേരലിലൂടെ പക്വമായ വിശ്വാസം എന്നിൽ രൂപപ്പെടുത്തുകയും സാക്ഷ്യമായി ഞാൻ മാറുകയും വേണം വിശ്വാസ ജീവിതെ വിരോചിതമായി നയിച്ച് വിശുദ്ധിയുടെ ജീവിക്കുന്ന സാക്ഷ്യമായിത്തീരാം വിശ്വാസത്തിന്റെ കനൽ എന്നിൽ കത്തിജ്വലിക്കട്ടെ.

യേശുക്രിസ്തുവുമായുള്ള വ്യക്തി പരമായ കണ്ടുമുട്ടലിന്റെ സാക്ഷാത്ക്കാരമാണ് യഥാർത്ഥ വിശ്വാസം. യേശുവല്ലാതെ മറ്റൊരു ഉറവിടവും വിശ്വാസജീവിതത്തിനില്ല എന്ന വലിയ ജ്ഞാനം ഞാൻ സ്വന്തമാക്കണം അങ്ങനെ ആത്മാവിന്റെ വലിയ രക്ഷ ഞാൻ സ്വന്തമാക്കണം.

സഭ വിശ്വസ്തതാ പൂർവ്വം കൈമാറിയ ദൈവവചനവും യേശു ശിഷ്യന്മാർക്കു ഭക്ഷണമായി നല്കിയ ജീവന്റെ അപ്പവും കൊണ്ട് നമ്മെത്തന്നെ പോഷിപ്പിക്കാനുള്ള താത്പര്യം നാം വീണ്ടും കണ്ടെത്തണം (പി.എഫ് 3) ദൈവിക ദാനമായ വിശ്വാസം വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കാൻ നമുക്കു കടപ്പാടുണ്ട്.

അപ്പസ്തോലന്മാരുടെയും അവരുടെ പിൻഗാമികളുടേയും സത്യപ്ര ബോധനത്താലും രക്തസാക്ഷികളുടെ ചുടുനിണത്താലും പരിപോഷിപ്പിക്കപ്പെട്ട സഭ അനേകം വിശുദ്ധാത്മാക്കളുടെ പുണ്യജീവിതത്തിലൂടെ ഈ ദൗത്യം തുടരുന്നു. വിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ അറിയുന്നതിനും പ്രസ്തുത വിശ്വാസം വ്യാഖ്യാനിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഒരോ വിശ്വാസിക്കുമുണ്ട് ദാനമായി ലഭിച്ച കത്തോലിക്ക വിശ്വാസത്തിന് നന്ദി

പറയാം അതിൽ അടിയുറച്ചു നില്ക്കാനും അതിനു സജീവ സാക്ഷ്യം നല്കാനും നമുക്കു സാധിക്കണം.

രണ്ടു സഹസ്രാബ്ദങ്ങളായി വിശ്വാസത്തിനെതിരെ ഉയർന്ന വെല്ലു വിളികൾ അതിജീവിച്ച സഭയ്ക്ക് സമകാലിക പ്രതിസന്ധികളും കർത്താവിന്റെ കൃപയാൽ വിജയകരമായി തരണം ചെയ്യാനാകും കർത്താവിന്റെ മഹത്ത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനം വരെ ഭൂമിയിൽ സത്യവിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുകയെന്ന വലിയ ഉത്തര വാദിത്വമാണ് ക്രിസ്തുനാഥൻ തിരുസഭയെ ഭരമേല്പിച്ചത്.

വിശ്വാസം സ്വീകരിക്കപ്പെട്ട സ്നേഹത്തിന്റെ അനുഭവമായി ജീവിക്കണം കൃപയുടെയും സന്തോഷത്തിന്റെയും അനുഭവമായി കൈമാറണം. അങ്ങനെ ചെയ്യുമ്പോൾ വിശ്വാസം നമ്മിൽ വളരുകയും വിശ്വാസത്തിനു ജീവദായകമായ സാക്ഷ്യം വഹിക്കാൻ നമ്മെ ശക്തരാക്കുകയും ചെയ്യും.

## ഉപസംഹാരം

കത്തോലിക്കാസഭയുടെ ചരിത്രത്തിലെ സുപ്രധാന സംഭവങ്ങളിലൊന്നാണു രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭയിലെ സമഗ്രമായ നവീകരണമായിരുന്നല്ലോ അതിന്റെ മുഖ്യലക്ഷ്യം ആ സൂനഹദോസിന് ശേഷം സഭാ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ കർമരംഗങ്ങളിലും നവീകരത്തിന്റെ അലയടികൾ ദൃശ്യമായിട്ടുണ്ട്. മതബോധന മണ്ഡലത്തിലും ഇത് ദൃശ്യമാണ്.

മതബോധന നവീകരണ തലത്തിൽ സാർവ്വത്രിക സഭയിലുണ്ടായിട്ടുള്ള മാറ്റങ്ങൾ ഒരു പരിധിവരെ സ്വീകരിക്കുവാൻ നമുക്കു സാധിച്ചിട്ടുണ്ടെന്നത് അഭിമാനകരമായ കാര്യമാണ്. മതബോധനം കാര്യക്ഷമ മാകണമെങ്കിൽ അതിന്റെ പ്രശസ്തിയെയും ആവശ്യകതയെയുംക്കുറിച്ച് എല്ലാവരും ബോധവാന്മാരായിക്കണം.

സഭാമുഴുവന്റെയും ദൗത്യമാണിതെന്നും സഭയുടെ മിഷന്റെ ഭാഗം തന്നെയാണു വിശ്വാസപരിശീലനമെന്നുമുള്ള ബോധ്യത്തിലേക്കു സഭാമക്കൾ നയിക്കപ്പെടണം അതിനുള്ള ഒരു എളിയ ശ്രമമാണിത്. ആഴമേറിയ വിശ്വാസത്തോടും ദൈവാശ്രയ ബോധത്തോടും കൂടെവേണം ഓരോ മതാദ്ധ്യാപകനും തന്നെ ഭരമേല്പിച്ചിരിക്കുന്ന ഈ ഉത്തവാദിത്വം നിറവേറ്റാൻ ആഴമേറിയ ദൈവാനുഭവവും സുകൃതം നിറഞ്ഞ ജീവിതവും കാര്യക്ഷമമായ പരിശീലനവും ഒത്തു ചേരുമ്പോഴാണ് നല്ല വിശ്വാസ പരിശീലകർ രൂപം കൊള്ളുന്നത്.

സഭ മതബോധനത്തെ തന്റെ പ്രാഥമിക കർത്തവ്യങ്ങളിലൊന്നായി എക്കാലവും കരുതി പോരുന്നു ലോകൈക ഗുരുവായ ഈശോ തന്നെയാണ് മതാധ്യാപകരുടെ മഹനീയ മാതൃക

വിശ്വാസ പരിശീലനം മിശിഹാ കേന്ദ്രീകൃതമാണ്. ഈ മിശിഹാ കേന്ദ്രീതത്വം ത്രിത്വോന്മുഖവുമാണ്.

അധ്യാപനത്തിന് കർമ്മ സിദ്ധിയും ആവശ്യമാണ് നിരന്തരമായ പരിശീലനത്തിലൂടെയും പഠനത്തിലൂടെയുമാണ് ഇത് ലഭ്യമാക്കുക. രണ്ടാവത്തിക്കാൻ കൗൺസിൽ ഇത് വ്യക്തമായി നിർദ്ദേശിക്കുന്നു. പ്രാർത്ഥനയിലൂടെയും ദൈവവചന രൂപണത്തിലൂടെയും ഇതു നിരന്തരം വർദ്ധിക്കുന്നു ഇപ്പോൾതന്നെ സ്വർഗ്ഗീയ സന്തോഷത്തിന്റെ മുന്നാസ്വാദനം നമുക്കു ലഭിക്കുന്നു.

ഈ വിശ്വാസ വർഷത്തിൽ ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹായെപ്പോലെ ദൈവപുത്രനായ ക്രിസ്തു യഥാർത്ഥ കർത്താവും ദൈവവുമാണെന്ന് നമുക്ക് ഏറ്റു പറയാം ഈ ലോകത്തിൽ നമുക്ക് ഉത്ഥിതമായ കർത്താവിന് വിശ്വസ്തരും സന്തോഷഭരിതരുമായ സാക്ഷികളാകാം യേശു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നതിന്റെ ആത്മസംതൃപ്തിയും വിശ്വാസം കൈമാറുന്നതിനുള്ള വിശ്വസ്തരായ കണ്ണികളുമായി നമുക്ക് മാറാം.

ഈ വിശ്വാസവർഷത്തിൽ നാം ചെയ്യേണ്ടത് ഇന്നും ജീവിക്കുന്നവനായ യേശുക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞ നാം അവനെ അറിഞ്ഞിട്ടില്ലാത്തവർക്ക് പകർന്നു നൽകുന്ന വരാകുക. ഒപ്പം ആ വിശ്വാസത്തിൽ നാം തന്നെയും കൂടുതൽ ആഴപ്പെടുകയും ചെയ്യുക നമ്മുടെ ജീവിത മാത്രക മറ്റുള്ളവർക്ക് പ്രചോദനമാകണം.

@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@